# സെന്റ് തോമസ് എച്ച് എസ് എസ്
# കടമ്പനാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 – 2026

വിദ്യാലയത്തിന്റെ പേര് : സെന്റ് തോമസ് എച്ച് എസ് എസ്

പഞ്ചായത്ത് : കടമ്പനാട്

ബി. ആർ. സി : അടൂർ

വിദ്യാഭ്യാസ ഓഫീസ് : പത്തനംതിട്ട

വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് : തിരുവല്ല

ജില്ല : പത്തനംതിട്ട

താഴ്ന്ന ക്ലാസ് : അഞ്ച്

ഉയർന്ന ക്ലാസ് : പന്ത്രണ്ട്

ഫോൺ നമ്പർ : 04734 283981

ഇ മെയിൽ ഐഡി : kadampanadst.thomas@gmail.com

# ആമുഖം

കടമ്പനാടിന്റെ വിരിമാറിൽ അക്ഷര വെളിച്ചം തൂകികൊണ്ട് നിലകൊള്ളുന്ന കടമ്പനാട് സെന്റ് തോമസ് HSS എണ്ണമറ്റ പ്രതിഭകൾക്കു ജന്മമേകി ഇന്നും പരിലസിക്കുന്നു.
ഉത്തമ പൗരന്മാരെ വാർത്തെടുക്കാനും മൂല്യ ബോധമുള്ള തലമുറയെ സൃഷ്ടിക്കുന്നതുമായ സത്കർമ്മത്തിൽ പങ്കാളികളാകാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. അക്ഷര പഠനതിനപ്പുറം ഇതര പ്രവർത്തനങ്ങളിലും പ്രതിഭകളെ വാർത്തെടുക്കാൻ ഈ കലാലയത്തിലെ ഗുരുക്കൻമാർക്ക് കഴിഞ്ഞിട്ടുണ്ട്. 77വർഷങ്ങൾ പിന്നിടുമ്പോഴും ഈ വിദ്യാലയത്തിൽ പഠിച്ച നാടിന്റെ നാനാഭഗത്ത് ഇരുന്നു കൊണ്ട് കലാലയത്തിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന പൂർവ്വ വിദ്യാർഥികൾ ഈ കലാലയത്തിന്റെ മുതൽ കൂട്ടാണ്.
19 അധ്യാപകരും 3 അനധ്യാപകരുമാണ് ഈ വിദ്യാലയത്തിലെ ജീവനക്കാർ.

2025 – ാം അധ്യായന വർഷം 5മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ

| ക്ലാസ് | ആകെകുട്ടികൾ |
|---|---|
| V | 52 |
| VI | 53 |
| VII | 57 |
| VIII | 77 |
| IX | 75 |
| X | 86 |

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പാക്കും.
2. ഓരോ ഘട്ടത്തിലും കുട്ടിനേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കും.
3. കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും, കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന – ദേശീയ അന്തർദേശത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
4. എല്ലാ കുട്ടികൾക്കും, മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ളകഴിവ് ഉറപ്പുവരുത്തുക.
5. സാമൂഹ്യബോധമുള്ള മികച്ച പൗരന്മാരായി കുട്ടികളെ മാറ്റുക. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
6. അധ്യാപനം സർഗ്ഗാത്മകവും രസകരവുമാകുന്നതിന് ഉപകരിക്കുന്ന വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
7. പഠനം രസകരവും, അനായാസവും ആക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക.

## വിദ്യാലയം മികവിന്റെകേന്ദ്രം കാഴ്ചപ്പാട്

1. പാഠ്യപാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
2. ശുചിത്വം, ദീനാനുകമ്പ, സാമൂഹികബോധം, തുടങ്ങിയ മൂല്യങ്ങളും, മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
3. പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
4. മികവാർന്നശേഷികളും, ധാരണകളും ഓരോക്ലാസിലും കുട്ടികൾനേടുന്നു എന്ന് ഉറപ്പാക്കൽ.
5. പരിസ്ഥിതി അവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറാനുമുള്ള ഭൂമിയിലെ താത്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്ന തിനും കുട്ടിയെ പ്രാപ്തനാക്കൽ.
6. ഇവിടെ പഠിച്ചു പുറത്തിറങ്ങുന്ന കുട്ടികൾ അവരുടെ വീടുകളിലും പരിസരത്തുമുള്ള മറ്റു കുട്ടികളെ നമ്മുടെ വിദ്യാലയത്തിലേക്ക് തന്നെ ചേർക്കുന്ന മികവിലേക്ക് വിദ്യാലയത്തെ എത്തിക്കുക.

## നിലവിലെ അവസ്ഥ വിശകലനം

1. പരിസ്ഥിതി സൗഹൃദ വിദ്യാർത്ഥി സ്കൂൾ, ക്ലാസ് അന്തരീക്ഷം
2. പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടെ സയൻസ് ലാബ് നിർമ്മിച്ചു
3. ആകർഷകമായ ഒരു കളിസ്ഥലവും കളി ഉപകരണങ്ങളും
4. മതിയായ എണ്ണം ശുചിമുറികൾ, **girls friendly toilets**
5. ഗതാഗത സൗകര്യം
6. **NCC, JRC, Little Kites** എന്നിവയുടെ പ്രവർത്തനം സ്കൂളിൽ നടക്കപ്പെടുന്നു
7. എല്ലാ ക്ലബുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു
8. കുടിവെള്ള സംഭരണിയും , ശുദ്ധ ജല ലഭ്യതക്കുള്ള വാട്ടർ ഫിൽറ്റർ സൗകര്യവും
9. സ്കൂളിൽ ഒരു ബാൻഡ് ട്രൂപ് പ്രവർത്തിക്കുന്നുണ്ട്
10. ആകർഷകമായ ഒരു ജൈവവൈവിധ്യ പാർക്കും പൂന്തോട്ടവും സ്കൂളിൽ ഉണ്ട്

## മികവിനായി ഏറ്റെടുത്ത പ്രവർത്തികൾ

അക്കാദമികം -

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ വിദ്യാർത്ഥികളും തങ്ങളുടെ ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിക്കുന്നുണ്ടെന്ന് അധ്യാപകർ ഉറപ്പാക്കുക. ഓരോ അധ്യായത്തിന്റെയും അവസാനഭാഗം വിദ്യാർഥികൾ സ്വായത്തമാക്കിയ പുതിയ ആശയങ്ങൾ എഴുതി സൂക്ഷിക്കുക
2. ലൈബ്രറി ശാക്തീകരണം
3. പഠന യാത്രകൾ
4. ഭാഷ പരിപോഷണം (മലയാളം,ഇംഗ്ലീഷ്,ഹിന്ദി,ഭാഷകളുടെ പഠന പരിപോഷണം)
5. ഗുണന പട്ടിക സ്വായത്തമാക്കുക
7. കലാ കായിക ശാസ്ത്ര മേളകളിൽ കുട്ടികളെ സജ്ജരാക്കുക
8. മൂല്യ നിർണ്ണയം – നിരന്തര മൂല്യ നിർണ്ണയം,മത്സര പരീക്ഷ പരിശീലനം

ഭൗതിക മികവ് –

. ലൈബ്രറി നവീകരണം
. മാലിന്യ സംസ്കരണം
. വായനാ മുറി
. ഭിന്നശേഷി കുട്ടികളുടെ പഠന പാഠ്യേതര കാര്യങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ

സാമൂഹികം –

1. പി. റ്റി. എ ശക്തിപ്പെടുത്തൽ
2. **SMC**
3. **Mother PTA**
4. പൂർവ്വ വിദ്യാർത്ഥികൾ
5. സന്നദ്ധ സംഘടനകൾ
6. പ്രാദേശിക വിദഗ്ദ്ധർ
7. ഭവന സന്ദർശനം
8. ലഹരി വിരുദ്ധ ക്ലാസുകൾ
9. **Internal complaint committee** യുടെ പ്രവർത്തനം

## കുട്ടികളിൽ വികസിക്കേണ്ട പൊതു ധാരണകൾ

2025 അധ്യായന വർഷം സംസ്ഥാന സർക്കാർ സമഗ്ര ഗുണമേന്മ വർഷമായി ആചരിക്കുന്നു.അതിന്റെ ഭാഗമായി ജൂൺ 3മുതൽ 13 വരെ സംസ്ഥാനമൊട്ടാകെ എല്ലാ സ്കൂളുകളിലും കുട്ടികളുടെ ബോധവൽക്കരണത്തെ മുൻനിർത്തി ക്ലാസ് എടുക്കാൻ തീരുമാനമായി. 23/05/2025 ലെ DEG/10102/2025/QIP പ്രകാരം വിഭാവനം ചെയ്ത ക്ലാസുകളാണ് എടുക്കുന്നത്.

1.

## ലഹരി വിരുദ്ധ ബോധവൽക്കരണം

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ബോധ വൽക്കരണ ക്ലാസുകളുടെ ഭാഗമായി 2025 ജൂൺ മൂന്നാം തീയതി വിദ്യാർത്ഥികൾക്ക് ലഹരി വിരുദ്ധ അവബോധ ക്ലാസ് നടത്തുകയുണ്ടായി. ഈ കാലഘട്ടത്തിൽ മുതിർന്നവരിൽ മാത്രമല്ല വിദ്യാർത്ഥികളിൽ പോലും ലഹരിയുടെകെണി പിടിമുറുക്കിയിരിക്കുന്നു എന്ന് വിലയിരുത്തിയതിന്റെ ഭാഗമായിട്ടാണ് ഇപ്രകാരം ഒരു ക്ലാസ് ക്രമീകരിക്കാൻ സർക്കാർ തലത്തിൽ ആലോചന ഉണ്ടായിട്ടുള്ളത്. പരമ്പരാഗത ലഹരി വസ്തുക്കൾക്ക് പുറമെ സിന്തറ്റിക് ലഹരി വസ്തുക്കളും ഈ കാലഘട്ടത്തിൽ കുട്ടികളിൽ കുട്ടികളിൽ അമിതമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഹൈസ്കൂൾ വിദ്യാഭാസ കാലഘട്ടത്തിന് മുമ്പ് തന്നെ വിദ്യാർത്ഥികൾ പലരും ലഹരിക്ക് അടിമകളായി മാറ്റപ്പെടുന്നു. ഈ സാഹചര്യം മുന്നിൽ കണ്ട് വളർന്നു വരുന്ന തലമുറയെ ലഹരിയുടെ പിടിയിൽ നിന്ന് മോചിപ്പിക്കുന്നതിന് സമൂഹവും വിദ്യാലയവും മുന്നിട്ടിറങ്ങേണ്ടത് ആവശ്യമാണ്. സ്കൂളിൽ നടത്തിയ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസിന്റെ ഭാഗമായി വിവിധയിനം ലഹരി വസ്തുക്കളെകുറിച്ചും അവയുടെ അപകടത്തെ കുറിച്ചും കുട്ടികൾക്ക് പറഞ്ഞു കൊടുത്തു. ലഹരി ഉപയോഗിക്കുന്നത് കൊണ്ട് ഉണ്ടാകാവുന്ന ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവുമായ വിവിധ പ്രശ്നങ്ങളെ കുറിച്ചും ഓരോ വ്യക്തിയുടെയും ജീവിതത്തിൽ അതുണ്ടാക്കാവുന്ന പ്രത്യാഘാതത്തെകുറിച്ചും വിശദമായി ബോധ്യപ്പെടുത്തി. കുട്ടികൾ വിവിധ സംശയങ്ങൾ ഉന്നയിക്കുകയും അവയ്ക്ക് ശരിയായ മറുപ ടി നൽകുകയും ചെയ്തു. ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി ക്ലാസ് പൂർത്തീകരിച്ചു.

2. റോഡ് സുരക്ഷ

പൊതുവിദ്യാഭ്യാസവകുപ്പിന്റെ ആഭിമുഖ്യത്തിൽ സമഗ്രഗുണമേന്മ വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുന്നതിന്റെ ഭാഗമായി 04/06/2025 ബുധനാഴ്ച റോഡ് സുരക്ഷയെ കുറിച്ചാണ് ക്ലാസ് എടുത്തത്. റോഡ് അപകടങ്ങളുടെ വീഡിയോ കാണിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കുകയും റോഡ് ഉപയോഗിക്കുന്ന എല്ലാവരും അറിയേണ്ട നിയമങ്ങൾ ചർച്ചയിലൂടെ കുട്ടികളിലേക്ക് എത്തിച്ചു. **HS** ന് ശ്രീമതി ബ്രിൻസി ബ്രൈറ്റ് ടീച്ചറും **UP** യിൽ ശ്രീമതി ബിജിമോൾ മാത്യു ടീച്ചറുമാണ് ക്ലാസ് നയിച്ചത്, റോഡ് സുരക്ഷയുടെ വ്യത്യസ്ത ചിഹ്നങ്ങൾ പരിചയപ്പെടുത്തി. റോഡ് ഉപയോഗിക്കാനുള്ള ലളിതമായ രീതികൾ **ICT** യുടെ സഹായത്തോടെ അവതരിപ്പിച്ചു. റോഡിൽ നടക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെപ്പറ്റി കുട്ടികളെ ബോധവാന്മാരാക്കി. പ്രധാനമായും റോഡിന്റെ വശങ്ങളിൽ കാണപ്പെടുന്ന **sign board** കളെ കുറിച്ച് **ICT** സാദ്ധ്യതയോടെ വിശദീകരിച്ചു. സ്കൂൾ ബസിലും ലൈൻ ബസിലും യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ **word maping** ലൂടെ കുട്ടികളെ ബോധവാന്മാരാക്കി. പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനം ഓടിച്ചാൽ ലഭിക്കുന്ന പിഴകളെ കുറിച്ചും അപകടങ്ങളെ കുറിച്ചും ക്ലാസുകളിൽ ചർച്ച ചെയ്തു. **Helpline numbers** കുട്ടികൾക്ക് പറഞ്ഞു കൊടുത്തു.

**Assignment** - റോഡ് സുരക്ഷയെ കുറിച്ച് ബോധവാന്മാരാക്കാനുള്ള പോസ്റ്റർ തയ്യാറാക്കുക.

3.

പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി 05/06/2025ൽ അവതരിപ്പിച്ച വിഷയം.: വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം.

വ്യക്തി ശുചിത്വവും ഉണ്ടെങ്കിൽ ഒരു പരിധിവരെ രോഗങ്ങൾ തടയാൻ സാധിക്കും. നല്ല ശീലങ്ങൾ നമ്മുടെ ആരോഗ്യത്തിന് ഏറ്റവും അത്യാവശ്യമാണ്

പരിസര ശുചിത്വം. മാലിന്യം ശരിയായ രീതിയിൽ സംസ്കരിച്ചാൽ പരിസ്ഥിതിയെ സംരക്ഷിക്കാം, രോഗങ്ങൾ അകറ്റാം.

ഹരിത ക്യാമ്പസിന്റെ ഭാഗമായി സ്കൂളിലെ ശുചിത്വം , വൃത്തിയുള്ള ക്ലാസ് മുറികൾ, ശുചിത്വമുള്ള **bathroom** തുടങ്ങിയവ കുട്ടികളുടെ ആരോഗ്യത്തിനും പഠനത്തിനും സഹായിക്കും. എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ സ്കൂളുകളിലെ ശുചിത്വം സാധ്യമാവുകയുള്ളൂ. സ്കൂൾ സൗന്ദര്യ വൽക്കരണത്തിന്റെ ഭാഗമായി ജൈവ വൈവിധ്യ ഉദ്യാനം, ശലഭോദ്യാനം, പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാൻ ക്ലാസ് റൂമിൽ സംവിധാനം ഒരുക്കുകയും ഹരിതകർമ്മസേനക്ക് കൈമാറുകയും ചെയ്യണം

4. പൊതു ആരോഗ്യം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുന്നതിന്റെ ഭാഗമായി ' ആരോഗ്യം, വ്യായാമം, കായികക്ഷമത' എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകി.

ജീവിതശൈലി രോഗങ്ങൾ കേരള സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ആരോഗ്യത്തിന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കേണ്ടത് ആവശ്യമാണ്. എന്താണ് ആരോഗ്യം, ആരോഗ്യ ഘടകങ്ങൾ, ആരോഗ്യം നിലനിർത്താൻ എന്തെല്ലാം കര്യങ്ങൾ ആണ് പാലിക്കേണ്ടത്, ആരോഗ്യകരമായ ജീവിതശൈലി എങ്ങനെ രൂപീകരിക്കണം എന്നിവ ഓരോ വ്യക്തിയും അറിഞ്ഞിരിക്കേണ്ടതാണ്.

വ്യക്തിശുിത്വ ശീലങ്ങൾ, സമീകൃത ആഹാരരീതി, വ്യായാമം, കായിക ക്ഷമത എന്നിവയെ കുറിച്ച് കുട്ടികൾക്ക് ഈ ബോധവൽക്കരണ ക്ലാസ്സിൽ കൂടി അറിവ് പകർന്നു നൽകി. കളികളിൽ കൂടി ലഭിക്കുന്ന ശാരീരികമായ ഉന്മേഷവും മാനസികമായ ഉല്ലാസവും ഒരു വ്യക്തിയുടെ ജീവിതത്തിൽ എത്രമാത്രം പ്രാധാന്യമുള്ളതാണ് എന്ന് കുട്ടികൾ തിരിച്ചറിഞ്ഞു. ക്ലാസിന്റെ അവസാനം നടത്തിയ എയറോബിക്സ് വ്യായാമം കുട്ടികൾക്ക് പുതിയ അനുഭവം ആയിരുന്നു

5. ഡിജിറ്റൽ അച്ചടക്കം

കുട്ടികളുടെ പഠന നിലവാരം അറിഞ്ഞു കൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകുക എന്നത് സമഗ്ര ഗുണമേന്മ പദ്ധതിയുടെ അനിവാര്യ ഘടകമാണ്. കുട്ടികളിൽ വികസിക്കേണ്ട പൊതു ധാരണകളും അതുവഴി നടത്തേണ്ട പ്രവർത്തനങ്ങളുടെ ഭാഗമായി 10/06/2025 ചൊവ്വാഴ്ച 'ഡിജിറ്റൽ അച്ചടക്കം'എന്ന വിഷയത്തെ കുറിച്ച് UP തലത്തിൽ ശ്രീമതി. ഷെറിൻ അന്ന ഫിലിപ്പും HS തലത്തിൽ ശ്രീമതി സൂസൻ ജോണും ബോധവൽക്കരണ ക്ലാസ് നടത്തി.

കുട്ടികൾ പലതരം ഡിജിറ്റൽ ഉപകരണങ്ങളും സമൂഹ്യ മാധ്യമങ്ങളും ഉപയോഗിക്കുന്നുണ്ട്. അവ വിവേകത്തോടെയും വിവേചന ബുദ്ധിയോടെയും എങ്ങനെ ഉപയോഗിക്കണം എന്നും കൃത്യമായ ധാരണ കുട്ടികൾക്ക് നൽകി. അല്ലാത്ത പക്ഷം അവർ പലവിധത്തിലുള്ള ചതിക്കുഴികളിലും സൈബർ കുറ്റകൃത്യങ്ങളിലും അകപ്പെടുന്ന സാഹചര്യം ഉണ്ടാകാം. അത്തരം സാഹചര്യം ഉണ്ടാകാതിരിക്കാനും കുട്ടികളിലെ ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുന്നതിനുമായി ഡിജിറ്റൽ അച്ചടക്കത്തെ സംബന്ധിച്ച അറിവ് കുട്ടികളിൽ വികസിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിയാണ് ക്ലാസ് നടത്തിയത്.

6. പൊതുമുതൽ സംരക്ഷണം

പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ സമഗ്ര ഗുണമേന്മ വിദ്യാഭാസത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ കുട്ടികൾക്കായി ക്ലാസ് എടുത്തു.11/06/2025 ൽ എടുക്കേണ്ട വിഷയം പൊതു മുതൽ സംരക്ഷണം എന്നതായിരുന്നു HS ലും UP യിലും ക്ലാസുകൾ എടുത്തത് അഞ്ചു ടീച്ചറും ഷീജ ടീച്ചറും ആയിരുന്നു.

. എന്താണ് പൊതു സ്വത്ത്?

പൊതു സ്വത്ത് നശിപ്പിക്കുന്ന പ്രവർത്തികൾ നശീകരണവുമായി ബന്ധപ്പെട്ട ശിക്ഷ എന്തൊക്കെയാണ് എന്നതിനെ കുറിച്ച് ഒരു ബോധവൽക്കരണം നടത്തി.

കുട്ടികൾക്ക് പൊതുസ്വത്തിന്റെ പ്രാധാന്യം വീട്ടിലും സ്കൂളിലും പഠിപ്പിക്കുക . പൊതു പങ്കാളിത്തം ഉറപ്പ് വരുത്താനായി വാർഡ് മെമ്പറിനെ ഉൾപ്പെടുത്തി. പൊതു സമിതി രൂപീകരണം എന്നിവയൊക്കെ ആയിരുന്നു പ്രധാനമായും ചർച്ച ചെയ്തത്. IPC സെക്ഷൻ 425മുതൽ 440 വരെ ആസ്തി നശീകരണവുമായി ബന്ധപ്പെട്ട ശിക്ഷകളാണെന്നു കുട്ടികൾക്ക് മനസ്സിലാക്കികൊടുത്തു. ഇത് 1984 ലേ നിയമം എന്നറിയപ്പെടുന്നു. ഇത്തരം കാര്യങ്ങളെക്കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം കൊടുത്തു.

7. പരസ്പര സഹകരണത്തിന്റെ പ്രാധാന്യം.

പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ കുട്ടികൾക്കായി ക്ലാസ് എടുത്തു.12/06/2025 ൽ എടുക്കേണ്ട വിഷയങ്ങൾ പരസ്പര സഹകരണം,വൈകാരിക നിയന്ത്രണമില്ലായ്മ, റാഗിംഗ് എന്നിവ ആയിരുന്നു.HS ലേയും UP യിലെയും ക്ലാസുകൾ എടുത്തത് മിനി ഫിലിപ്പ്, സാറാമ്മ എന്നീ ടീച്ചേഴ്സ് ആയിരുന്നു.

സ്കൂൾ ജീവിതത്തിലും , പൊതു സമൂഹത്തിലും പരസ്പര സഹകരണത്തിന്റെ പ്രാധാന്യവും , വൈകാരിക നിയന്ത്രണത്തിന്റെ ആവശ്യകതയും , റാഗിംഗിന്റെ ദോഷഫലങ്ങളും റാഗിംഗ് ഒരു ഗുരുതരമായ കുറ്റകൃത്യം ആണെന്നും (കേരള റാഗിംഗ് നിരോധന നിയമം,1998) പ്രകാരം വിശദീകരിച്ചു.സുരക്ഷിതവും, സൗഹൃദപരവുമായ പഠനാന്തരീക്ഷം ഉറപ്പാക്കാൻ സ്കൂൾ അഡ്മിനിസ്ട്രേഷൻ ,അധ്യാപകർ,വിദ്യാർഥികൾ,രക്ഷിതാക്കൾ എന്നിവർ ഒരുമിച്ച് ചേർന്നുപ്ര വർത്തിക്കേണ്ടത് ആണെന്നും ഇതിനായി സ്വീകരിക്കേണ്ട പ്രവർത്തന മാർഗരേഖ എന്നിവയെ കുറിച്ചും അവബോധം ഉണ്ടാകേണ്ട രീതിയിൽ ക്ലാസ് വിശദീകരിച്ചു.

# ഉപസംഹാരം

കടമ്പനാട് **St Thomas HS** ൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്കുവേണ്ടി തയ്യാറാക്കിയതാണ്. 2025 – 26 അധ്യായന വർഷം സ്കൂൾ വിദ്യാഭ്യാസ നിലവാരം കൂടുതൽ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ബഹു. വിദ്യാഭ്യാസ മന്ത്രി സമഗ്ര ഗുണമേന്മ പദ്ധതി പ്രഖ്യാപിച്ചു. അതിന്റെ വെളിച്ചത്തിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനില ഓരോ പദ്ധതികളും മുൻഗണന ക്രമത്തിൽ നടപ്പാക്കുന്നതിനോടൊപ്പം ഓരോ വിഷയവുമായി ബന്ധപ്പെട്ട പരിപാടികൾ കുട്ടികളുമായി പങ്കുചേർന്നു നടപ്പാക്കി വരുന്നു.

# ഊർജതന്ത്രം - ഹൈസ്കൂൾ വിഭാഗം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലഘട്ടം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്ര ലാബ് നവീകരണം | >8,9,10 ക്ലാസുകളിലെ ഊർജതന്ത്രം പാഠഭാഗത്തെ പരീക്ഷണ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>>നിലവിലെ ലാബ് സാധനങ്ങളിൽ നിന്ന് അപ്ഡേറ്റ് ചെയ്യുന്നു.<br>>പരീക്ഷണങ്ങൾ തെരഞ്ഞെടുത്ത് ക്ലാസ് അടിസ്ഥാനത്തിൽ ചെയ്യുന്നു. | ജൂൺ-ജൂലൈ<br>ജൂൺ-സെപ്റ്റംബർ | ഊർജതന്ത്രം അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ |
| 2 | ശാസ്ത്ര സാഹിത്യം | >നിലവിലുള്ള ശാസ്ത്ര പുസ്തകങ്ങളും മാസികകളും ലൈബ്രറിയിൽ നിന്നും ലിസ്റ്റ് ചെയ്യൽ<br>>ലിസ്റ്റിന്റെ കോപ്പി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | ജൂലൈ-ഫെബ്രുവരി | ഊർജതന്ത്രം അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3 | ശാസ്ത്ര പോഷണം | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആഘോഷിക്കുന്നു | ജൂലൈ-ഫെബ്രുവരി | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

# രസതന്ത്രം - ഹൈസ്കൂൾ വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം, എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾതന്നെ കാണിച്ച് കൊടുക്കാൻ അവസരം നൽകുന്നു. കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുക്കുന്നു. | 1 വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 2 | നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ചു മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | 1 വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ- സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ- ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയ്നർ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

## Learn Math, Live Math, Love Math

**Vision**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**Mission**

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
| --- | --- | --- | --- | --- |
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് തെരഞ്ഞെടുത്ത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് തെരഞ്ഞെടുത്ത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, അറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |



# ENGLISH

- UP & H.S

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | June<br><br>July | English Teachers | English Club |

| | | | | |
|---|---|---|---|---|
| To develop <u>Writing Skills</u><br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-December<br><br>January -<br><br>February | English Teachers | English Club |

| | | | | |
|---|---|---|---|---|
| Language Games, puzzles and Activities:<br><br>Differentiation and Support: | Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class.<br><br>Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.<br><br>Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths. | Throughout the year | English Teachers | English Club |

| | | | | |
|---|---|---|---|---|
| Assessment and Feedback: | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet i...:vidual student needs.<br><br>Provide resources and tips for parents on how to support their child's literacy | Throughout the year | English Teachers | English Club |

| | | | | |
|---|---|---|---|---|
| Parent Involvement | development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice. | | English Teacher<br><br>English Teachers & PTA Members & parents | English Club |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേഴ്സ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചില ഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ് SRG | ഇംഗ്ലീഷ് ക്ലബ്ബ് മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേഴ്സ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേഴ്സ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നമ്മുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്........ ഉപയോഗിക്കുന്നു ) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി ടി എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികാസം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പ്രസംഗത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്. എം. അവതരണമികവ് | **സെന്റ് മേരീസ് എഫ് എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

### ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | 1. ഭാഷ ജ്ഞാനം<br>• അക്ഷരം എഴുതൽ<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക |
| 2. <u>വീട് ഒരു പരീക്ഷണശാല</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 3. <u>വായനാലോകം</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻ്റെ പേജ് ഉറക്കെ വായിക്കുക<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച് | ചാർട്ട്<br>ചിത്രം | റിസോഴ്സ് അദ്ധ്യാപിക |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അദ്ധ്യാപിക |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അദ്ധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8. ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# ST. Thomas HSS, Kadampand

# LITTLE KITES UNITS



# ST. THOMAS H.S S, KADAMPANAD

## JUNIOR RED CROSS UNIT














# അടൂർ സബ്ജില്ലാ സംസ്കൃത സ്കോളർഷിപ്പ് പരീക്ഷാ വിജയികൾ (2024-2025)







# അടൂർ സബ്ജില്ലാ സംസ്കൃതോത്സവ വിജയികൾ (2024-2025)







# സംസ്കൃത ദിനാചരണം
# (2024-2025)










